# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1006 — 20.03.2013-ൽ മറുപടിയ്ക്ക്

## വൈദഗ്ധ്യത്തിൽ നിന്നും തൊഴിലിലേക്ക്

| *ചോദ്യം* | | *ഉത്തരം* |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം.എ.വാഹീദ്,<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വൈദഗ്ധ്യത്തിൽ നിന്നും തൊഴിലിലേക്ക് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ | (ബി) | ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി രംഗത്ത് വർദ്ധിച്ചു വരുന്ന തൊഴിൽ അവസരങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തെ യുവതീയുവാക്കൾക്കായി കേന്ദ്ര സർക്കാരിന്റെ ഹുണാർ-സെ - റോസ്ഗാർ (HSR) (വൈദഗ്ധ്യത്തിൽ നിന്നും തൊഴിലിലേക്ക്) പദ്ധതി പ്രകാരമുള്ള സൗജന്യ തൊഴിൽ പരിശീലന പദ്ധതിയാണ് ഇതിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് കിറ്റ്സിനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; | (സി) | "വൈദഗ്ധ്യത്തിൽ നിന്നും തൊഴിലിലേക്ക്" എന്ന കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം ഹൗസ് കീപ്പിംഗ്, ഫുഡ് & ബിവറേജ് സർവ്വീസ്, ഫുഡ് പ്രൊഡക്ഷൻ എന്നീ മേഖലകളിൽ സൗജന്യ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം ആയി കിറ്റ്സിന് 2012-ൽ അംഗീകാരം ലഭിച്ചുട്ടുണ്ട്. ഈ രംഗങ്ങളിൽ ഉള്ള കിറ്റ്സിന്റെ വൈദഗ്ധ്യം പരമാവധി ഈ |

പദ്ധതിക്കായി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് യുവതീയുവാക്കൾക്ക് ലഭിക്കുന്നതെന്ന് അറിയിക്കുമോ ?

(ഡി) 6 മുതൽ 8 ആഴ്ച വരെ നീളുന്ന പരിശീലന പദ്ധതി തികച്ചും സൗജന്യമായാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ യുവതീയുവാക്കൾക്കും യൂണിഫോം, പഠനോപകരണങ്ങൾ, ഭക്ഷണം, താമസ സൗകര്യം എന്നിവ സൗജന്യമായി നൽകി വരുന്നു. 8-ാം തരം പാസ്സായിട്ടുള്ള 28 വയസ്സിനുള്ളിൽ പ്രായമുള്ള പരിശീലനാർത്ഥികളുടെ അപേക്ഷകൾ മുൻഗണനാക്രമത്തിൽ സ്വീകരിച്ച് യോഗ്യത പരിശോധിച്ചാണ് ഓരോ ബാച്ചിലേക്കുള്ള പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് നാഷണൽ കൗൺസിൽ ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി യുടേയും കിറ്റ്സിന്റേയും സംയുക്ത സർട്ടിഫിക്കറ്റുകൾ നൽകുകയും ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലി നേടുന്നതിന് അവസരം ഉണ്ടാക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ